## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3330

12.12.2014- ലെ
മറുപടിക്ക്.

### കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണത്തിലെ കാലതാമസം

ചോദ്യം
ശ്രീ. റ്റി.എ. അഹമ്മദ് കബീർ

ഉത്തരം
ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിവ്വഹണത്തിന് നേരിടുന്ന കാലതാമസം പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ?

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിവ്വഹണത്തിന് നേരിടുന്ന കാലതാമസം പരിഹരിക്കാൻ താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ബി.കെ.ചതുർവേദി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ 66 എണ്ണമായി പുനർക്രമീകരിച്ചു. പുന:ക്രമീകരണം കൊണ്ട് ചുവടെ പ്രകാരമുള്ള മാറ്റങ്ങൾ സംസ്ഥാനത്തിന് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

1. ഫണ്ട് കൈമാറ്റം കൂടുതൽ സുതാര്യമാകുന്നു.
2. ഏകീകൃത കേന്ദ്ര നിരീക്ഷണ/ കണക്കെടുപ്പ് സംവിധാനം കൂടുതൽ ഫലപ്രദമാകും. തൻമൂലം, അതാതു മന്ത്രാലയങ്ങൾക്ക് പദ്ധതികളുടെ വിലയിരുത്തൽ ഫലപ്രദമായി സാദ്ധ്യമാകും.
3. മുഖ്യ പതാക നൗക പദ്ധതികളുടെ റിലീസ് നേരിട്ട് നടത്തിപ്പ് ഏജൻസികൾക്ക് കൈമാറ്റം ചെയ്യുന്നതിന് പകരം സംസ്ഥാന ബഡ്ജറ്റിലൂടെ നൽകുന്നത് ഫണ്ടിന്റെ കൃത്യമായ വരവ്/ ചെലവ് നിരീക്ഷിക്കുവാൻ സംസ്ഥാനത്തിന് സാധ്യമാകും.
4. എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളിലും 10% ഫ്ളക്സി ഫണ്ടുകൾ വകയിരുത്തും. ഇത് സംസ്ഥാനങ്ങൾക്ക് അവരുടെ ആവശ്യമനുസരിച്ചുള്ള പദ്ധതികൾക്കായി വിനിയോഗിക്കാവുന്നതാണ്.
5. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന സാഹചര്യങ്ങൾക്ക് അനുകൂലമായി പുതുക്കി നിശ്ചയിക്കുവാനുള്ള ശിപാർശകൾ ആസൂത്രണ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്.

Bijumon
സെക്ഷൻ ഓഫീസർ

5ത,